# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2345

05.02.2018-ൽ മറുപടിയ്ക്ക്

## മങ്കട വ്യവസായ സോൺ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | 2016-17 വർഷത്തെ പുതുക്കിയ ബജറ്റിൽ മങ്കടയിൽ വ്യവസായ സോൺ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ; | എ) | മങ്കട വില്ലേജിൽ കിൻഫ്ര വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പദ്ധതി ഭൂമി അനുയോജ്യമല്ലാത്തതിനാൽ സർക്കാർ ഉപേക്ഷിച്ചു |
| ബി) | പ്രസ്തുത ബജറ്റിൽ പരാമർശിച്ചിരുന്ന 5 ബൃഹത് വ്യവസായ സോണുകളുടെ രൂപീകരണത്തിന്റെ നില്ലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ; | ബി) & സി) | 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മറ്റു ബൃഹദ് വിവിധോദ്ദേശ സോണുകൾ കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ്. ഇവയിൽ കണ്ണൂരും തൊടുപുഴയിലും അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും, കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു.<br>ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് നടത്തി വരുന്നു. |
| സി) | ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമായി സംയോജിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ